# ശാസ്ത്രീയമായ രീതിയിലാവണം സാമൂഹിക-സാമ്പത്തികസർവേ

മുന്നാക്കസമുദായവിഭാഗങ്ങളുടെ സാമ്പത്തികമായ പിന്നാക്കാവസ്ഥ കണ്ടെത്താൻ ഒരു സാമൂഹിക - സാമ്പത്തികസർവേ നടത്താൻ സർക്കാർ അനുമതി നല്കിയിരുന്നു.

ഇതനുസരിച്ച് സംസ്ഥാനത്തെ ഇരുപതിനായിരത്തോളം തദ്ദേശസ്വയംഭരണവാർഡുകളിലെയും സാമ്പത്തികമായി ഏറ്റവും പിന്നാക്കം നില്ക്കുന്ന അഞ്ചുവീതം കുടുംബങ്ങളിൽ നിന്നും മൊബൈൽആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്താനായിരുന്നു മുന്നാക്കസമുദായകമ്മീഷൻ നടപടി സ്വീകരിച്ചത് എന്നാണ് അറിയാൻ കഴിഞ്ഞത്. അതിനെ തുടർന്ന് സർവേ സംബന്ധിച്ച വിവരശേഖരണത്തിനായി കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള ചോദ്യാവലിയുടെ പകർപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

തുടർന്ന്, സമയബന്ധിതമായി സർവേ നടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കാനായി മുന്നാക്കസമുദായ സംഘടനകളുടെ സംസ്ഥാനതലയോഗം തലസ്ഥാനനഗരിയിൽവച്ച് നടത്തിയതായി അറിയുന്നു. കൂടാതെ, സംസ്ഥാനതലയോഗത്തിൽ പങ്കെടുക്കാൻ അസൗകര്യമുള്ള സംഘടനകൾക്കായി വിവിധ ജില്ലകളിലായി മേഖലായോഗങ്ങൾ വിളിച്ചുകൂട്ടിയതായും അറിയുന്നു.

എന്നാൽ, സംസ്ഥാനത്ത് മുഴുവൻ മുന്നാക്കവിഭാഗങ്ങളിലുംപെട്ടവരുടെ ഭവനങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്താതെ, തദ്ദേശസ്വയംഭരണവാർഡുകളിലെ ഏറ്റവും പിന്നാക്കം നില്ക്കുന്ന അഞ്ചുവീതം കുടുംബങ്ങളെ സംബന്ധിച്ച് മൊബൈൽആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്തിയാൽ സംസ്ഥാനത്തുള്ള മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ യഥാർത്ഥചിത്രം എങ്ങനെ കിട്ടുമെന്ന ചോദ്യമാണ് ഇതിനെതിരെ എൻ.എസ്.എസ്. ഉയർത്തിയത്.

രാജ്യത്തെ സെൻസസ് എടുക്കുന്ന മാതൃകയിലും സംവിധാനത്തിലും യോഗ്യരായ ഉദ്യോഗസ്ഥരെക്കൊണ്ട് നടത്തേണ്ടതായ ഈ വിവരശേഖരണം, അർഹിക്കുന്ന പരിഗണനയോടുകൂടി നടത്താതിരുന്നാൽ അതിന് ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല എന്നു മാത്രമല്ല, ആർക്കോ വേണ്ടിയുള്ള ഒരു പ്രഹസനമായി മാത്രം ഇത് അവസാനിക്കുമെന്നും നായർ സർവീസ് സൊസൈറ്റി വ്യക്തമാക്കിയിരുന്നു.

മുന്നാക്കസമുദായങ്ങളെ സംബന്ധിച്ചായാലും സർക്കാരിനെ സംബന്ധിച്ചായാലും, ഭാവിയിൽ ഇതൊരു ആധികാരികരേഖയായി മാറേണ്ടതാണ് എന്നും എൻ.എസ്.എസ്. ചൂണ്ടിക്കാട്ടിയിരുന്നു.

എന്നാൽ എൻ.എസ്.എസ്സിന്റെ ഈ ആവശ്യങ്ങൾ അടിസ്ഥാനരഹിതമാണെന്നുള്ള കണ്ടെത്തലാണ് കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായത് എന്നറിയുന്നു. ഇത് തികച്ചും അപലപനീയംതന്നെ.

കമ്മീഷന്റെ ഈ നിലപാട് പുനഃപരിശോധിച്ച്, രാജ്യത്ത് സെൻസസ് എടുക്കുന്ന രീതിയിലുള്ള വിവരശേഖരണത്തിലൂടെ സാമൂഹിക - സാമ്പത്തികസർവേ പൂർത്തീകരിക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്.